12/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1196*(2)/2020*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **8413**/*എസ്.ഐ.സി-ജി 6/20*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**അഡ്വ.അരുൺ കുമാർ,**
**സെൻട്രം ചേംമ്പേഴ്സ്(മൂന്നാം നില),**
**Oppo.KAT കോടതി,**
**വഞ്ചിയൂർ പി.ഒ.** — **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **ജില്ലാ മെഡിക്കൽ ഓഫീസ്(ഹെൽത്ത്),**
   **തിരുവനന്തപുരം.**

2. **അപ്പീൽ അധികാരി,**
   **ജില്ലാ മെഡിക്കൽ ഓഫീസ്(ഹെൽത്ത്),**
   **തിരുവനന്തപുരം.**

— **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.02.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 25.02.2020 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 09.06.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 18.06.2020 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 19.08.2020 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 26.08.2020 |
| ഹിയറിംഗ് നടന്ന തീയതി | 08.12.2022, കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ അഡ്വ.അരുൺ കുമാർ, 19.08.2020ന്

സമർപ്പിച്ച അപ്പീൽ ഹർജി 26.08.2020ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1196(2)/20/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. ഹർജിക്കാരൻ 10.02.2020ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) തിരുവനന്തപുരം ഡി.എം.ഒ.ആരാണെന്നും

2) തിരുവനന്തപുരം ഡി.എം.ഒ. ഓഫീസിൽ നിലവിൽ Regional Vigilance Officer ആരാണെന്നും

3) ഗവ.ഉത്തരവനുസരിച്ച് CHC പുല്ലുവിളയിൽ 3 വർഷം പൂർത്തിയാക്കിയ ആശുപത്രി ജീവനക്കാരെ മറ്റു സ്ഥാപനങ്ങളിലേയ്ക്ക് മാറ്റി നിയമിക്കണമെന്ന നിർദ്ദേശം നടപ്പാക്കേണ്ടത് ആരാണെന്നും

4) (a) മേൽപ്പറഞ്ഞ വിഷയത്തിൽ പുല്ലുവിള CHC യിലെ Nursing Assistant Sheeja Beegum, Nursing Assistant Suresh, Peon Helen എന്നിങ്ങനെ നിരവധി വർഷമായി ഇതേ സ്ഥാപനത്തിൽ ജോലി ചെയ്യുന്നവരെ Transfer ചെയ്യാതിരിക്കാൻ Vigi.Officer Dr.Jose D.Cruiz എത്ര രൂപ കൈക്കൂലി വാങ്ങിയെന്നും

(b) ഗവ.ഉത്തരവ് കാറ്റിൽപ്പറത്താൻ DMO Dr.Preetha, Vigi.Officer Dr.Jose .D Cruiz എന്നിവർക്ക് അധികാരമുണ്ടോയെന്നും തുടങ്ങി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

4. തുടർന്ന് 09.06.2020ന് ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ചതായി കാണുന്നു.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും റിപ്പോർട്ടും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയ്ക്കും ഒന്നാം അപ്പിലിനും മറുപടി നൽകിയിട്ടുണ്ടെന്ന് കമ്മീഷനു ബോധ്യമാകുന്നു. കൂടാതെ

ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പു സഹിതം ഹാജരാക്കി കമ്മീഷനെ ബോധ്യപ്പെടുത്തി യതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 26–ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

Ge/